Santhigiri

ഗുരുവാണി

"പൂർവ്വികൻമാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞുപോയ കാലങ്ങളെ മാത്രം അംഗീകരിച്ചുപോയ ഒരു പരിചയം വന്നുപോയിട്ടുണ്ട് . ഇതൊരു കുറവാണ്. ആ കുറവ് നമുക്കു വന്നുകൂടാ."

ഉണ്മനിതകം

VOL 05 | ISSUE 28 | 2019 ജൂലൈ 14 | 1194 മിഥുനം 29

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# കർക്കിടക ചികിത്സക്ക് ഒരുങ്ങി ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റലുകൾ

**ഹെൽത്ത്കെയർ സോൺ :** കർക്കിടക വിശേഷ ചികിത്സക്ക് സൗകര്യങ്ങൾ ഒരുക്കി ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ കീഴിലുള്ള ആയുർവേദ, സിദ്ധ ആശുപത്രികൾ. ശാസ്ത്രീയമായി രൂപപ്പെടുത്തിയ വിവിധ പാക്കേജുകൾ ശാന്തിഗിരി കർക്കിടക ചികിത്സയുടെ പ്രത്യേകതയാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെയും പ്രത്യേക പരിശീലനം നേടിയ തെറാപ്പിസ്റ്റുകളുടെയും സേവനം ആശുപത്രികളിൽ ലഭ്യമാണ്.

ആയുർവേദവിധി പ്രകാരം മനസ്സിനേയും ശരീരത്തേയും പുതുക്കാനുള്ള സമയമായ വർഷകാലം. ശരീരത്തിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് അതിനെ പുനരുജ്ജീവിപ്പിക്കാൻ ഏറ്റവും വിശേഷമത്രേ. സൂര്യൻ ഉത്തരായനം കഴിഞ്ഞ് ദക്ഷിണായനത്തിലേക്ക് പ്രവേശിക്കുന്ന ഈ വേള ആരോഗ്യ പരിപാലനത്തിനും വിശേഷാൽ ചികിത്സകൾക്കും ഏറെ അനുയോജ്യമായ സമയമാണ്. കർക്കിടകത്തിൽ ഔഷധം സേവിച്ചാൽ 'കല്പാന്തം സസുഖം' എന്ന ചൊല്ല് ഇക്കാര്യം വെളിപ്പെടുത്തുന്നു.

സ്ത്രീപുരുഷൻമാർക്കും കുട്ടികൾക്കും പ്രത്യേകം ചികിത്സകൾ ഉണ്ടായിരിക്കും. പുരുഷൻമാർക്കുള്ള ചികിത്സാവിഭാഗത്തിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും നല്ല ഉറക്കം ലഭിക്കുന്നതിനും ഊർജ്ജസ്വലത നേടുന്നതിനുമുള്ള ചികിത്സകൾ ഉൾപ്പെടുന്നു. സ്ത്രീകൾക്ക് ശരീരപുഷ്ടി, മുഖ-ചർമ്മകാന്തി, ഓർമ്മശക്തി, ബുദ്ധിശക്തി, വിശപ്പ് എന്നിവ വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് ശരീരപുഷ്ടി വർദ്ധിപ്പിക്കുന്നതിനുമുള്ള ചികിത്സകൾ ലഭ്യമാണ്. പ്രായമായവർക്ക് വാതരോഗങ്ങൾ, ശരീരവേദന, നാഡീഞരമ്പ് സംബന്ധമായ അസുഖങ്ങൾ, അസ്ഥിക്ഷയം, മാനസിക പിരിമുറുക്കം, ആസ്ത്മ, ശ്വാസതടസ്സം, ചുമ, കഫക്കെട്ട് എന്നിവയ്ക്കുള്ള ചികിത്സകൾ ലഭ്യമാണ്. ഇതിനുപുറമേ പക്ഷാഘാതം, പ്രമേഹം, അലർജി, ആസ്ത്മ, മൈഗ്രേൻ, സോറിയാസിസ്, എക്സിമ, പൈൽസ്, ഫിസ്റ്റുല, നേത്രരോഗങ്ങൾ, അകാലവാർദ്ധക്യം, അകാലനര, അമിതവണ്ണം, കൊളസ്ട്രോൾ എന്നിവ നിയന്ത്രണ വിധേയമാക്കുവാൻ ആയുർവേദത്തിന്റേയും സിദ്ധവൈദ്യത്തിന്റേയും മേന്മകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രത്യേക ചികിത്സയും ഉണ്ടായിരിക്കും.

ശരീരത്തിൽ വർദ്ധിച്ചിരിക്കുന്ന ദോഷങ്ങളെ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ പുറത്തേക്ക് തള്ളി ആരോഗ്യം സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ് കർക്കിടക ചികിത്സ. രോഗചികിത്സയ്ക്ക് മാത്രമല്ല ശരീരത്തിലെ മാലിന്യങ്ങളെ അകറ്റി ശരീരത്തിനും മനസ്സിനും ഓജസ്സും തേജസ്സും വർദ്ധിപ്പിക്കുന്നതിനും കർക്കിടക ചികിത്സ വിശേഷമാണ്.



## വിജയത്തെ ദൈവത്തോട് ചേർത്തുവെയ്ക്കണം

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കോഴിക്കോട് :** കഷ്ടപ്പാടുകളെയും പ്രയാസങ്ങളെയും കഠിനാധ്വാനം കൊണ്ട് വിജയിക്കണമെന്നും ഓരോ വിജയവും ദൈവത്തോട് ചേർത്തുവെയ്ക്കണമെന്നും ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. കോഴിക്കോട് കെ.പി.കേശവമേനോൻ ഹാളിൽ ജൂലൈ 8ന് മാതൃഭൂമി ആദ്ധ്യാത്മിക പുസ്തകോത്സവത്തിന് തിരി തെളിയിച്ച ശേഷം 'ജീവിത വിജയം നേടാം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു സ്വാമി. സന്താപകാലത്ത് ആരാധനാലയങ്ങളിലേക്ക് ഓടി അണയുന്നവർ, സന്തോഷകാലത്ത് ആഘോഷിക്കാൻ മറ്റിടങ്ങളിലേക്ക് പോകുന്നത് മാതൃകയല്ല. ഈശ്വരന്റെ ദാനമായ ശ്വാസത്തിൽ പറന്നു നടക്കുന്ന കരിയിലകൾ മാത്രമാണ് നാം. ഓരോ വിജയത്തിന് പിന്നിലും അതിന് കഴിയാത്ത സഹജീവികളുടെ നിരാശ കൂടി ഉണ്ടെന്നത് മറക്കരുത്.



*കോഴിക്കോട് മാതൃഭൂമി ആദ്ധ്യാത്മിക പുസ്തകോത്സവത്തിന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തിരി തെളിയിക്കുന്നു*

സാഹചര്യങ്ങളല്ല ഒരാളെ വിജയത്തിലെത്തിക്കുന്നത്, അവ എങ്ങനെ നേരിടുന്നു എന്നതാണ്. നമുക്ക് കിട്ടിയ വലയത്തിനപ്പുറം മനസ്സ് പ്രത്യാശയോടെ ചാടുമ്പോൾ മാത്രമാണ് വിജയം കിട്ടുന്നത്. പ്രതിസന്ധികളാകുന്ന കരിമലകളേയും തിരമാലകളേയും ആത്മവിശ്വാസം കൊണ്ട് തരണം ചെയ്യണം. എവറസ്റ്റേ നിനക്കിനി വളരാനാവില്ല, എനിക്ക് കഴിയും എന്ന എഡ്മണ്ട് ഹിലാരിയുടെ നിലപാടാണ് മാതൃക. മുണ്ടുടുക്കാനറിയില്ല എന്ന് പരിഹസിച്ചവരോട് മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ പ്രതികരിച്ചത് എനിക്ക് മുണ്ടുടുക്കാൻ മാത്രമല്ല മുണ്ടുമുറുക്കിയുടുക്കാനും നന്നായി അറിയാമെന്നായിരുന്നു.

ലോകത്തിലെ ഏറ്റവും മധുരമുള്ളത് നല്ല വാക്കുകളാണെന്ന് വിശ്വമഹാകവി കാളിദാസൻ ഭോജരാജാവിനോട് പറഞ്ഞതോർക്കുക. പ്രചോദിപ്പിക്കുന്ന വാക്കുകളാകട്ടെ നമ്മുടേത്. സന്തോഷിപ്പിക്കുന്ന നന്മയുടെ മൃദുസ്വനം. സ്ത്രീ ദിവസം 20000 വാക്കുകളും പുരുഷൻ 7000 വാക്കുകളും ശരാശരി ഉച്ചരിക്കുന്നുവെന്നാണ് കണക്ക്. ഇതിലെത്ര നല്ലവാക്കോതുവാൻ നമുക്ക് ത്രാണിയുണ്ടെന്നതാണ് നമ്മെ വിജയത്തിലെത്തിക്കുന്നതെന്നും സ്വാമി പറഞ്ഞു.



# ഗുരുവാണി

ത്യാഗത്തിന്റെ മഹിമയെപ്പറ്റി ഞാൻ ചിലതൊക്കെ കഴിഞ്ഞ തവണ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതുകൊണ്ടൊന്നും എനിക്ക് പറയുവാനുള്ളത് തീരുന്നില്ല. അനുഭവത്തിൽ നിന്നു കിട്ടിയതും കണ്ടും കേട്ടും മനസ്സിലാക്കിയിട്ടുള്ളതുമായ ഒത്തിരികാര്യങ്ങളുണ്ട്. അതൊക്കെ ഒന്നൊന്നായി നിങ്ങളെ അറിയിക്കണമെന്ന ആവേശമാണെനിക്കുള്ളത്. എങ്കിലേ അതിന്റെ അന്തസ്സത്തയെപ്പറ്റി നിങ്ങൾക്ക് കുറെയെങ്കിലും ബോധ്യമാകൂ എന്നെനിക്കുതോന്നുന്നു.

എത്ര നീറുന്ന പ്രശ്നങ്ങൾ എന്നെ അഭിമുഖീകരിച്ചപ്പോഴും വളരെ സമചിത്തതയോടെ നിന്നു കാര്യങ്ങൾ നിവർത്തിക്കുവാൻ ഞാൻ ശ്രമിച്ചു. അതിന്റെ ഫലമായി എന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. അങ്ങനെ പരിഹരിക്കപ്പെടാത്ത ഒരവസരവും ഉണ്ടായിട്ടില്ല എന്ന് തീർത്തും പറയുവാൻ കഴിയും. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ മരുഭൂമിയിലാണ് ഞാൻ വളർന്നത്. അവിടുത്തെ ഭീകരമായ ചൂടിൽ ഞാൻ തളർന്നുവീണില്ല. ശക്തി സംഭരിച്ചുകൊണ്ട് നിമിഷം തോറും മുന്നേറി വന്നു. അന്ന് മനസ്സിനൊരല്പം പ്രയാസം തോന്നി, എല്ലാം ഉപേക്ഷിച്ചിരുന്നെങ്കിൽ ഞാനിന്നെങ്ങും എത്തുമായിരുന്നില്ല. എന്റെ പ്രശ്നങ്ങളുടെ തന്നെ നൂലാമാലയിൽ കുരുങ്ങി ഞാൻ തകർന്നുപോയേനെ. ഏതായാലും അന്നൊക്കെ ആന്തരികമായി ഒരു ശക്തി സംഭരിക്കാൻ കഴിഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല.

പല അഭ്യുദയകാംക്ഷികളും എന്റെ ഈ നീക്കം കണ്ടു പലതും ഉപദേശിച്ചിട്ടുണ്ട്. പല പ്രവൃത്തികളിൽ നിന്നും പിൻതിരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഉപദേശങ്ങളൊക്കെ കേട്ടുകൊണ്ട് ഞാൻ എന്റേതായ മാർഗത്തിൽ കൂടിത്തന്നെ കടന്നുവരുകയാണുണ്ടായത്. ഇവിടെ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആരെയും നമ്മൾ വെറുപ്പിച്ചുകൂടാ. അവർ സദുദ്ദേശത്തോടുകൂടിയായിരിക്കും അങ്ങനെയൊക്കെ പറയുന്നത്. എന്നാൽ അവർ പറയുന്നതിൽ നിന്നും നല്ല അംശങ്ങളെ നാം സ്വീകരിച്ചിട്ട് നമ്മുടെതായ മാർഗം കണ്ടെത്താൻ ശ്രമിക്കേണ്ടത് ജീവിതവിജയത്തിന്, അവശ്യം ആവശ്യമാണ്. അതിന്റെ ഫലം നമ്മൾക്ക് ഒരുപക്ഷേ വളരെ വേഗം ലഭിച്ചെന്നു വരില്ല. എങ്കിൽത്തന്നെയും കാലാന്തരത്തിൽ ഫലം സിദ്ധിക്കുമെന്നതിൽ സംശയമില്ലതന്നെ.

ഞാൻ പറഞ്ഞുതുടങ്ങിയത് ത്യാഗത്തെക്കുറിച്ചാണ്. ലോകത്തുണ്ടായിട്ടുള്ള എല്ലാ സത്തുക്കളും അവരുടെ പ്രവൃത്തിയിലൂടെ ത്യാഗം കൈവരിച്ചിട്ടുള്ളവരാണ്. അവർക്കേ ശാശ്വതമായി എന്തെങ്കിലും ഇവിടെ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. നിങ്ങൾ മഹാത്മാക്കളായ യേശുക്രിസ്തു, മുഹമ്മദ് നബി, ശ്രീബുദ്ധൻ തുടങ്ങിയവരുടെ ജീവിതമെടുത്തുനോക്കൂ. ത്യാഗത്തിന്റെ ഒരു വലിയ കൂമ്പാരം തന്നെ അവിടെ കണ്ടെത്താൻ കഴിയും. എന്തിന്, ആ ജീവിതങ്ങൾ തന്നെ ത്യാഗം രൂപം പ്രാപിച്ചതല്ലായിരുന്നോ? മറ്റെങ്ങും പോകണ്ട. നമ്മുടെ ഭാരതത്തിന്റെ കണ്ണിലുണ്ണിയായി പ്രശോഭിച്ചു നിൽക്കുന്ന മഹാത്മാഗാന്ധിജിയെത്തന്നെ എടുത്തുനോക്കൂ. ത്യാഗത്തിന്റെ മഹിമയിൽ ഉരുത്തിരിഞ്ഞുവന്ന ആ ജീവിതം പകർന്നുതന്ന സന്ദേശം എത്രമാത്രം മഹത്തരമാണ്.

ഒരു വലിയ രാഷ്ട്രത്തെ അടക്കിഭരിച്ചിരുന്ന ഒരു മഹാശക്തിയെ വെറും സമാധാനത്തിന്റെ സന്ദേശംകൊണ്ട് മുട്ടുകുത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ലേ? അത്തരത്തിൽ ഒന്ന് ലോകത്തിലൊരിടത്തും സംഭവിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല.അത്തരത്തിലുള്ള ഒരു മഹത്വവും ഭാരതത്തിലുള്ള ഒരാൾക്കല്ലാതെ മറ്റാർക്കും ചെയ്യാൻ കഴിയുമെന്നും തോന്നുന്നില്ല. അത്രമാത്രം സഹിഷ്ണുതയിലും പാരമ്പര്യത്തിലും കൂടി കടന്നുവന്നിട്ടുള്ളവരാണ് ഭാരതീയർ. അവരുടെ ജീവിതം സൗഹൃദത്തിന്റേതും സമാധാനത്തിന്റേതുമാണ്. അതിനെ കവച്ചുവയ്ക്കാൻ ലോകത്തിലൊരു ശക്തിക്കും കഴിഞ്ഞിട്ടില്ല.

കാലഘട്ടങ്ങൾ തോറും മഹാന്മാർ ഈ ഭാരതഭൂമിയിൽ ജന്മമെടുത്തിട്ടുണ്ട്. അവരുടെ ശക്തിയേറിയ ത്യാഗംകൊണ്ട് മനുഷ്യകുലത്തിനാകെ ഉന്മേഷവും ഉയിരും പ്രദാനം ചെയ്തിട്ടുണ്ട്. നമ്മളത് വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. അതുമാത്രമേ നിലനിന്നിട്ടുള്ളൂ, ഇനി നിലനിൽക്കുകയുമുള്ളൂ. ത്യാഗംകൊണ്ട് ഒരു പരിധിവരെ മാറ്റം സൃഷ്ടിച്ച മറ്റൊരു മഹാത്മാവാണ് ശ്രീനാരായണഗുരു. ശ്രീ ശങ്കരഭഗവത്പാദർക്കുശേഷം നമ്മുടെ ഭാരതത്തിൽ ഇത്രമാത്രം സാമൂഹ്യവിപ്ലവം വരുത്തിയ മറ്റൊരു കർമയോഗിയെ കണ്ടെത്താൻ പ്രയാസം. അദ്ദേഹത്തിന്റെ ത്യാഗോന്നതമായ ജീവിതത്തിന് അതിന്റേതായ വിലകൽപിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ത്യാഗം അനുഷ്ഠിക്കാൻ അല്ലെങ്കിൽ ത്യാഗസമ്പന്നമായ ഒരു നിഷ്ഠ നാം വളർത്തിയെടുത്താൽ അതിൽപരം മറ്റൊരു സേവനമില്ല.

## വചനദീപ്തി

*സത്യം വെറുമൊരു വാക്കല്ല. ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം*

**മഹാത്മാഗാന്ധി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

19.7.2019 – ജനസേവികപുരം, 20.7.2019 – പോത്തൻകോട്

## യാമപ്രാർത്ഥന

2019 ജൂലൈ 18 : 6 PM- 9 PM

# നവആരോഗ്യധർമ സിദ്ധാന്തം

**പ്രകാശപഥം**

ഓരോ വ്യക്തിയുടെയും ജീവനിൽ നല്ലതും ചീത്തയും കലർന്ന ഒരു സംസ്കാരമുണ്ട്. ജീവന്റെ സംസ്കാരവും അതിന്റെ ഗതിവിഗതികളും നോക്കി രോഗനിർണ്ണയം നടത്തിയ പാരമ്പര്യം ഭാരതത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഋഷികളുടെ ദീർഘദർശിത്വത്തിൽ നിന്ന് ജീവനെ നോക്കി രോഗചികിത്സ നടത്തുന്ന വൈദ്യശാസ്ത്രം ഉദയംകൊണ്ടു.

മനുഷ്യനിൽ ദൃശ്യമാകുന്ന പ്രഭാവലയത്തിന്റെ നിറം നോക്കിയായിരുന്നു ഋഷികൾ ചികിത്സ നിശ്ചയിച്ചിരുന്നത്. അവർ സസ്യങ്ങളോട് ഔഷധഗുണം ചോദിച്ചറിഞ്ഞു. ഔഷധമൂലികകളിൽ ദൈവകാരുണ്യം പ്രവർത്തിച്ചപ്പോഴാണ് പ്രകാശവിസ്മയമായ അറിവ് ലഭിച്ചത്. ജ്ഞാനികൾ ഈ അറിവ് ശിഷ്യന്മാരിലൂടെ ജനങ്ങൾക്ക് നൽകി. അത് ഒരു സംസ്കാരമായി രൂപം പ്രാപിച്ചു.

ഋഷികളുടെ അറിവ് നമ്മുടെ സംസ്കാരത്തിന്റെ ഭാഗത്തുനിന്ന് ചോർന്നുപോയി. ഇത് ഒരു ദിവസം കൊണ്ടോ ഒരായിരം വർഷം കൊണ്ടോ സംഭവിച്ചതല്ല. ഇരുപത്തിയഞ്ച് ചതുർയുഗങ്ങൾക്കു മുമ്പ്, അതായത് നൂറു യുഗങ്ങൾക്കു മുമ്പ് മനുപരമ്പരയിൽ സംഭവിച്ച ഒരു പിശകിൽനിന്നാണ് ഋഷികളുടെ സംസ്കാരത്തിന് അപചയം ഉണ്ടായത്. ഈ അപചയം സകലചരാചരങ്ങളെയും ബാധിച്ചു.

ലോകത്തിന് ഇന്നു കാണുന്ന എല്ലാ പ്രശ്നങ്ങൾക്കും നിദാനം യുഗാന്തരങ്ങൾക്കു മുമ്പ് സംഭവിച്ച പിഴവാണ്. സമസ്തമേഖലകളിലും വ്യാപിച്ച പിഴവ് എല്ലാത്തിന്റേയും തനിമ നഷ്ടപ്പെടുത്തി. മാനവരാശിയുടെ സാമൂഹ്യവും സാംസ്കാരികവും ആരോഗ്യപരവുമായ തകർച്ചയ്ക്ക് ഇത് കാരണമായി.

ആദിമകാലത്ത് ഉണ്ടായിരുന്നതും പിന്നീട് നഷ്ടപ്പെട്ടതുമായ ഋഷിസംസ്കാരം പുനരാവിഷ്കരിക്കുന്നതിന് യുഗധർമം അനുസരിച്ചുള്ള ജീവിതക്രമം ജനങ്ങൾ പാലിക്കണം. ആരോഗ്യരംഗത്ത് ഇന്നു കാണപ്പെടുന്ന അധാർമികപ്രവൃത്തികളുടെയും മൂല്യച്യുതിയുടെയും സ്രോതസ്സ് അന്വേഷിക്കുന്നവർ ഇത് അറിയുകയും യുഗങ്ങൾക്കു മുമ്പുണ്ടായ പിശക് എങ്ങനെ തിരുത്തപ്പെട്ടുവെന്ന് മനസ്സിലാക്കുകയും വേണം.

പ്രത്യയശാസ്ത്രങ്ങൾക്ക് ഉപരിയായ ദർശനശാസ്ത്രമാണ് ശാന്തിഗിരിയുടെ ആരോഗ്യധർമം. അത് അന്നമയകോശത്തിൽ പ്രാണൻ എങ്ങനെ സ്ഥിതിചെയ്യുന്നുവെന്ന് ദർശനവശത്തിൽ തിരിച്ചറിയുന്നു. ആ പ്രാണന് വേണ്ടത് ഏത്, വേണ്ടാത്തത് ഏത് എന്ന് നിർദ്ദേശിക്കുന്നു. സകലവിധ ശാസ്ത്രത്തെയും ആദരിച്ചും സ്നേഹിച്ചും ബഹുമാനിച്ചും എടുക്കുന്ന ഈ ധർമോപദേശമാണ് "നവ ആരോഗ്യ ധർമ അനുഭവസിദ്ധാന്തം." അത് അനുഭവസിദ്ധാന്തമായി ഓരോ മനുഷ്യനും ജീവിതചര്യയിൽ ശീലിച്ചും പാലിച്ചും ആത്മശാന്തിക്ക് ഉതകുന്ന വകയിൽക്കൂടി നിവർത്തിച്ച് ലോകനന്മയ്ക്കായി എന്നും പ്രാർത്ഥിക്കണം.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ശാന്തിഗിരിയുടെ അനുഭവം

മനുഷ്യൻ – ദൈവത്തിന്റെ ഏറ്റവും മഹത്തായ സൃഷ്ടി. അവൻ എല്ലാത്തരത്തിലും മറ്റു ജീവജാലങ്ങളെക്കാൾ മുകളിലാണ്. ചിന്താശേഷിയുണ്ട്, സംസാരശേഷിയുണ്ട്, കാര്യകാരണ വിശകലനശേഷിയുണ്ട്. തന്റെ ബുദ്ധികൊണ്ട് ചിന്താശേഷികൊണ്ട് പ്രവർത്തനശേഷികൊണ്ട് അവൻ വളർന്നുകൊണ്ടിരിക്കുന്നു. പലതും കണ്ടുപിടിച്ചു കൊണ്ടിരിക്കുന്നു. ഈ കണ്ടുപിടുത്തങ്ങളെല്ലാം അവന്റെ ജീവിതസാഹചര്യങ്ങൾ, സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തിയിരിക്കുന്നു. പക്ഷേ ഒന്നും അവിടെ അവസാനിക്കുന്നില്ല. പലകാര്യങ്ങളും തന്റെ കൈപ്പിടിയിലൊതുങ്ങുന്നതല്ലെന്ന് അവന് വളരെ പതുക്കെ മനസ്സിലാകാൻ തുടങ്ങി. തന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് കാര്യങ്ങളെല്ലാം നടക്കാതെയായപ്പോൾ രോഗങ്ങളും പ്രകൃതി ദുരന്തങ്ങളും അവനെ വേട്ടയാടാൻ തുടങ്ങി. അത് അവന്റെ പരിമിതിയായിരുന്നു. അപ്പോഴാണ് തന്റെ ബുദ്ധിക്കതീതമായ, ചിന്തക്കതീതമായ ഒരു ശക്തിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. അങ്ങനെയൊരു സഹായം അവന് ആവശ്യമായിരുന്നു. കാരണം തന്റെ വീഴ്ചകളിൽ അവൻ വളരെ അസ്വസ്ഥനായിരുന്നു.

മനുഷ്യകുലം അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെയും ദുരന്തങ്ങളുടെയും യഥാർത്ഥ കാരണം അറിയാതെ വന്നു. ലോകം അനിശ്ചിതത്വത്തിന്റെ ചുഴിയിൽ നിപതിച്ചു. തന്റെ ഏറ്റവും മഹത്തരമായ സൃഷ്ടി..... അവൻ ഏറ്റവും വലിയ ധർമത്തിൽ ജീവിതം നയിക്കണമെന്ന് ആ സ്രഷ്ടാവ് എന്നും ആഗ്രഹിച്ചിരുന്നു. ദൈവദൂതന്മാരായി മഹാത്മാക്കൾ ഇവിടെ ജന്മമെടുത്തു. ആ മഹാത്മാക്കൾ ജീവിതം കൊണ്ട് സാധാരണ മനുഷ്യരായിരുന്നു. അവർക്ക് സാധാരണ ജനങ്ങളിൽനിന്നും വ്യത്യാസമുണ്ടായിരുന്നു. അവർ പറയുന്നതൊന്നും സ്വന്തം ബുദ്ധിയിൽ നിന്നുള്ളവയായിരുന്നില്ല. ദൈവത്തിന്റെ വാക്കുകളായിരുന്നു. അതിനെ അവർ അശരീരിയെന്നും പ്രകാശമെന്നും വെളിപാട് എന്നുമൊക്കെ പറഞ്ഞു. മഹാത്മാക്കൾ ഈ ദെവവാക്കുകൾ ലോകത്തോട് പറഞ്ഞു. ചിലർ വിശ്വസിച്ചു: അതനുസരിച്ച് ജീവിച്ചു. അവർക്ക് നന്മയുണ്ടായി. ചിലർ അവിശ്വസിച്ചു; അവർ മഹാത്മാക്കളെ മനുഷ്യദൈവമെന്ന് വിളിച്ചു കളിയാക്കി. പക്ഷേ അവർക്ക് രക്ഷകിട്ടിയില്ല. മഹാത്മാക്കളുടെ അനുയായികളിലൂടെ നന്മവരുന്നതുകണ്ട് അവർ ആദ്യം എതിർത്തു. പിന്നീട് അംഗീകരിക്കേണ്ടി വന്നു.

മഹാത്മാക്കൾ അപാരമായ പ്രപഞ്ചശക്തിയുടെ ആഗ്രഹത്തെ പൂർത്തീകരിക്കാൻ ശ്രമിക്കുകയായിരുന്നു. കുറെയൊക്കെ ചെയ്തു. പക്ഷേ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ വാക്കുകൾ കിട്ടാനായി ആചാര്യന്മാരും പ്രവാചകന്മാരും അനുഭവിച്ച വേദനകൾ, അവരുടെ ത്യാഗം ആരും തിരിച്ചറിഞ്ഞില്ല. ഒടുവിൽ അവർക്കു പോലും "പിതാവേ നീയും എന്നെ കൈവെടിഞ്ഞോ" എന്നു ഖേദിക്കേണ്ടിവന്ന അവസ്ഥ. ഇന്നും ലോകം തിരിച്ചറിയുന്നില്ല.

മഹാത്മാക്കളിലൂടെ ലോകത്തിനു പകർന്നുതന്ന ആ സത്യവചനങ്ങൾ ആ മഹാകാരുണ്യത്തിൽ നിന്നുതിരുന്ന മാർഗദർശനങ്ങൾ അത് മാത്രമേ നമ്മുടെ ശാശ്വതമായ രക്ഷയ്ക്കുതകൂ എന്ന് ലോകം എന്നാണ് മനസ്സിലാക്കുന്നത്? മഹാത്മാക്കളിലൂടെ ദൈവം ആഗ്രഹിച്ചതും അതു തന്നെയായിരുന്നു – ഈ സത്യം നമുക്കു നൽകിയത് നമ്മുടെ എല്ലാമായ ഗുരുവാണ്. ഗുരുവിന്റെ വാക്കുകൾ ഇങ്ങനെയാണ്. 'കാലങ്ങളെ കണ്ടറിയുന്ന ത്രികാലജ്ഞാനിയായ ഒരു ദീർഘദർശിക്കു മാത്രമേ നിങ്ങളെ രക്ഷിക്കാനാകൂ'. എത്രയോ മഹാത്മാക്കൾ കാലങ്ങളോളം തപസ്സുചെയ്തിട്ടും വേദനിച്ചിട്ടും കിട്ടാത്ത ഒന്നാണ് നിങ്ങൾക്ക് കിട്ടിയിരിക്കുന്നതെന്ന് ഗുരു നമ്മെ ഓർമ്മപ്പെടുത്തുന്നു. ബ്രഹ്മനിശ്ചയപ്രകാരം ലഭിക്കുന്ന വാക്കുകളിലൂടെ മാർഗദർശനം ചെയ്യുന്ന ഒരു ഗുരുശിഷ്യബന്ധം – ഇത് മാനവസമൂഹത്തിന് കിട്ടിയിരിക്കുന്ന ഒരു എളുപ്പവഴിയാണ്. ലോകത്തിന് ഇനി ഒരൊറ്റ വഴിയേയുള്ളൂ. കാലങ്ങളെ കണ്ടറിഞ്ഞ ദീർഘദർശിയുടെ – ഗുരുവിന്റെ വാക്കുകളെ അണുവിട തെറ്റാതെ പാലിക്കുക. വാക്ക് സൂക്ഷിക്കുമ്പോൾ അത് സത്യമാണെന്നും ആ സത്യമായ വാക്കിനെ നമുക്ക് നൽകിയ ഗുരു ദൈവമാണെന്നും ബോധ്യമാകുന്നു. ഇതാണ് ശാന്തിഗിരിയുടെ അനുഭവം – വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം!

# നാടെങ്ങും അറിയുന്ന ശാന്തിഗിരി രുചിപ്പെരുമ

**ശാന്തിഗിരി മീഡിയ റിലേഷൻസ്**

ആവേശത്തോടെ അതിയായ സന്തോഷത്തോടെ മഞ്ഞൾ പൊടിയാക്കുന്ന തിരക്കിലാണ് ശോഭനയും ചന്ദ്രികയും കൂട്ടരും. 'ഇപ്പോൾ ഇതിൽ നിന്നും ഒന്നും തരാനില്ല, ഒരു കാലത്ത് ഒരു കുടുംബം കഴിയാനുള്ളത് കിട്ടും' ഗുരുവിന്റെ വാക്കുകൾ ഇന്നും ആവരുടെ ചെവികളിൽ മുഴങ്ങുന്നുണ്ട്. ശാന്തിഗിരി ഭഗിനി നികേതൻ യൂണിറ്റിന്റെ തുടക്കം മുതലുള്ള വരാണിവർ. ഇവിടത്തെ ജോലി ഇവർക്ക് ഇന്നും സേവനമാണ്.

ശാന്തിഗിരി ആശ്രമ സ്ഥാപക ഗുരു നവജ്യോതി ശ്രീകരുണാകര ഗുരുവിന്റെ ഭക്തരാണ് രണ്ടുപേരും. അന്ന് ആശ്രമ വിശ്വാസികൾക്ക് സ്വയം തൊഴിൽ എന്ന രീതിയിലാണ് കറിക്കൂട്ടുകൾ ഉണ്ടാക്കാൻ ഗുരു നിർദേശിച്ചത്. 1984ൽ രജിസ്റ്റർചെയ്തു. 1988ൽ ആശ്രമത്തിനകത്ത് തന്നെയാണ് ഇതിനായുള്ള ഇടം ഒരുക്കിയത്. മല്ലിയും മഞ്ഞളും മുളകും ആദ്യം പൊടിച്ചു തുടങ്ങി. ഗുരു നേരിട്ട് നേതൃത്വം കൊടുത്ത ഈ സംരംഭം അത്രയും വിശ്വാസത്തോടെയും ആവേശത്തോടെയും തികഞ്ഞ ശുചിത്വത്തോടെയുമാണ് അവർ ചെയ്തു തുടങ്ങിയത്. കറിക്കൂട്ടുകൾക്കായി അടുപ്പുകൂട്ടി തീ കത്തിച്ച് വറുക്കും, ശേഷം പൊടിയാക്കിയ സാധനങ്ങൾ കവറിലാക്കി വിളക്കിൽ വച്ച് പാക്ക് ചെയ്യും. കറിക്കൂട്ടുകൾ പാകംചെയ്ത് രുചിച്ച് നോക്കിയശേഷമേ പാക്ക് ചെയ്യാറുള്ളൂ. അന്ന് ആശ്രമ വിശ്വാസികൾക്ക് തന്നെയാണ് ആദ്യം വിൽക്കുന്നത്. പുറത്തു കൊടുക്കാനുള്ള സാധനങ്ങൾ ആശ്രമ വിശ്വാസികളുടെ സഹായത്തോടെ പരിസരത്തുള്ള വീടുകളിൽ കൊണ്ടുപോയി കൊടുക്കും. ഇതിനായി ചെറിയ വാഹനവും ഏർപ്പാടാക്കിയിരുന്നു. അങ്ങനെ ഒൻപത് വർഷത്തോളം ആശ്രമത്തിനകത്ത് തന്നെ ഈ സംരംഭം പ്രവർത്തിച്ചു. ആശ്രമത്തിൽ തയാറാക്കുന്ന കറിക്കൂട്ടുകളുടെ രുചിപ്പെരുമ അറിഞ്ഞ് അതിനായി ആളുകൾ തേടിയെത്തിത്തുടങ്ങി. സാമ്പാർ പൊടിയും അരിപ്പൊടിയും രസകൂട്ടുകളുമൊക്കെ അങ്ങനെ നാട്ടിൽ അറിയാനും രുചിക്കാനും തുടങ്ങി. ഗുരുവിന്റെ കാരുണ്യത്തിൽ തയാറാക്കുന്ന ഈ കറിക്കൂട്ടുകളെല്ലാം ഒരു മായവും ചേർക്കാതെ അത്രയും പരിശുദ്ധിയോടെയാണ് പാകപ്പെടുത്തുന്നത്. കോഴിക്കോടുകാരിയായ ശോഭനയും ഗുരുവായൂർകാരിയായ ചന്ദ്രികയും ഇത്തരം ഒരു സ്ഥാപനം ഗുരു തുടങ്ങാൻ നേതൃത്വം കൊടുത്ത ആദ്യ കാലത്തു തന്നെ ഉള്ളവരാണ്.

'തുടക്കത്തിൽ ഗുരു കൂടെനിന്ന് തന്നിട്ടുള്ള നിർദ്ദേശങ്ങൾ അന്നുമുതൽ ഇന്നുവരെയും എല്ലാദിവസവും ഞാൻ ഓർക്കും അതാണ് ഈ പ്രായത്തിലും എനിക്ക് തളരാതെ ജോലിചെയ്യാനുള്ള ശക്തി നൽകുന്നത്' ചന്ദ്രിക പറഞ്ഞു. ശാന്തിഗിരിക്ക് വേണ്ടി ജീവിതം അർപ്പിച്ചിരിക്കുകയാണ് ശോഭന. അവരിപ്പോഴും ഗുരുവിനോടുള്ള ബഹുമാനവും സ്നേഹവും ആദരവോടെയും തങ്ങളുടെ ജോലി വളരെ മികച്ച രീതിയിൽ തന്നെ കൊണ്ടു പോകുന്നു. സേവനം ചെയ്യുന്നവർക്കെല്ലാം പ്രചോദനവും ഊർജ്ജവുമായി സദാസമയം ജനനി ശാന്തിപ്രഭ ജ്ഞാനതപസ്വിനി കൂടെയുണ്ട്. ജനനിക്കാണ് ഭഗിനി നികേതൻ കറിപൗഡർ യൂണിറ്റിന്റെ ചാർജ്. ഇന്ന് സംരംഭം ഐ.എസ്.ഒ അംഗീകാരം നേടിക്കഴിഞ്ഞു. നല്ല രീതിയിൽ സാധനങ്ങൾ വിൽക്കപ്പെട്ടിരുന്ന സമയത്ത് 2009 മുതൽ 2012 വരെയുള്ള കുറച്ചു കാലം മാന്ദ്യത പിടികൂടിയത് ശോഭന ഓർക്കുന്നു. യൂണിറ്റ് പൂട്ടിപ്പോകുമോ എന്നുവരെ ശങ്കിച്ചു. യന്ത്രങ്ങളുടെ തകരാറ് കാരണം കറിക്കൂട്ടുകൾ തയാറാക്കാൻ പറ്റാത്ത സാഹചര്യമായി. അന്ന് അത്രയും പ്രതിസന്ധി നേരിട്ടിരുന്നു. ശാന്തിഗിരിയിലെ കറിക്കൂട്ടുകൾക്കായി ആളുകൾ നിരന്തരമായി അന്വേഷിച്ചു വന്നു. വീണ്ടും പഴയ രീതിയിലേക്ക് തന്നെ കാര്യങ്ങൾ എത്തിത്തുടങ്ങി. ഓർഡറിനനുസരിച്ച് സാധനങ്ങൾ നൽകാൻ കഴിയാതെ വന്ന സമയം പോലും ഉണ്ടായിട്ടുണ്ട്. പൊടിച്ച കറിക്കൂട്ടുകൾ എടുക്കാൻ വരുന്ന വാഹനത്തിലുള്ളവർ പോലും തങ്ങളെ സഹായിച്ചിട്ടുണ്ടെന്ന് ശോഭന പറയുന്നു.

വിപണിയിൽ നിരവധി കറിപൗഡറുകൾ ഉണ്ടെങ്കിലും ശാന്തിഗിരി ഭഗിനി നികേതൻ കറിപൗഡറുകൾക്ക് ഏറെ വിശ്വാസ്യതയാണുള്ളത്. യൂണിറ്റിൽ തന്നെ ഒരു ഗുണനില വാരപരിശോധനാ ലാബ് ഉണ്ട്. കൂടാതെ കേന്ദ്ര സർക്കാറിന്റെ നിയന്ത്രണത്തിലുള്ള സി.എഫ്.ആർ.ഡി. ലാബിലും ഉല്പന്നങ്ങൾ പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. ഇത്തരത്തിൽ ഗുണനിലവാരത്തിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചക്കും വിധേയമാകാതെയാണ് ശാന്തിഗിരി ഉല്പന്നങ്ങൾ വിപണിയിലിറക്കുന്നതെന്ന് ശാന്തിഗിരി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ജനറൽ മാനേജർ കെ. സുഭാഷ്ചന്ദ്രൻ പറഞ്ഞു. അഞ്ചു ദിവസത്തിലൊരിക്കൽ ശാന്തിഗിരിയുടെ ഡെലിവറിവാൻ അതാത് കേന്ദ്രത്തിലെത്തുന്നുണ്ട്. അപ്പോഴേക്കും മുൻപ് നൽകിയത് മുഴുവൻ വിറ്റഴിഞ്ഞിരിക്കും. തിരുവനന്തപുരത്തെ ഒന്നിലധികം പ്രമുഖ സ്വകാര്യ ആശുപത്രി കാന്റീനുകളിൽ ശാന്തിഗിരിയുടെ കറിപൗഡർ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കൂടാതെ മിലിട്ടറി, എയർഫോഴ്സ്, സി.ആർ.പി.എഫ്. കാന്റീനുകളിലും ശാന്തിഗിരി കറിപൗഡറുകൾക്ക് സ്ഥിരം ഉപഭോക്താക്കൾ ഉണ്ട്.

1998 ലാണ് ഹെൽത്ത്കെയർ സോണിലെ ഇപ്പോഴത്തെ വെജിറ്റബിൾ സ്റ്റാളിന് സമീപമുള്ള കെട്ടിടത്തിലേക്ക് ഭഗിനി നികേതൻ മാറ്റുന്നത്. ഗുരു ഇവിടെ എത്തി നിലവിളക്ക് കൊളുത്തി സമാരംഭം കുറിച്ച സന്ദർഭം ഇന്നും പലരുടേയും മനസ്സിൽ തെളിഞ്ഞ് നിൽക്കുന്നുണ്ട്. അവിടേക്ക് മാറ്റിയതിന് ശേഷമാണ് വലിയ യന്ത്രങ്ങളും വന്നു തുടങ്ങിയത്. പിന്നീടത് കൂടുതൽ വ്യാപിപ്പിക്കുകയായിരുന്നു. 'ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ എത്തി അവിടുത്തെ കർഷകർ കൊണ്ടുവരുന്ന വിളകൾ കണ്ട് ബോധ്യമായശേഷം ലേലത്തിലൂടെ വാങ്ങി നേരിട്ടാണ് ശാന്തിഗിരിയിലേക്ക് എത്തിക്കുന്നത്. നിലവിൽ 26 ജീവനക്കാരുണ്ട്. ശുചിത്വം കർശനമാണ്. ഇപ്പോൾ ശാന്തിഗിരി കറിക്കൂട്ടുകൾക്ക് ആവശ്യക്കാർ ഏറികൊണ്ടിരിക്കുകയാണ്'. ഭഗിനി നികേതൻ കറിപൗഡർ യൂണിറ്റിന്റെ ഓഫീസിലിരുന്ന് ബോസ് എന്ന് വിളിക്കപ്പെടുന്ന കെ. സുഭാഷ് ചന്ദ്രൻപറഞ്ഞു. എന്താണ് ശാന്തിഗിരി കറിപൗഡറിന്റെ രുചിവ്യത്യാസത്തിന്റെ രഹസ്യം എന്നുചോദിച്ചപ്പോൾ യൂണിറ്റിന്റെ ചുമതല വഹിക്കുന്ന ജനനി ശാന്തിപ്രഭ ജ്ഞാനതപസ്വിനിയുടെ ശാന്തമായ മുഖം തിളങ്ങി, പിന്നെ മന്ദസ്മിതം തൂകുന്ന ആ ചുണ്ടുകൾ ചലിച്ചു 'അത് ഗുരുവിന്റെ കാരുണ്യം തന്നെ'.

ഗുരു അന്ന് ഒരു വഴികാട്ടിയായിട്ടാണ് ഈ സംരംഭം തുടങ്ങാൻ നിർദേശിച്ചത്. ഒരു കുടുംബം കഴിയാനുള്ള വരുമാനം ഇതിൽ നിന്ന് ലഭിക്കുമെന്നും ഗുരു അന്ന് പറഞ്ഞിരുന്നു. സത്യത്തിൽ ഇന്ന് അത് സംഭവിച്ചിരിക്കുന്നുവെന്ന് സേവനം ചെയ്യുന്നവർ ഒന്നടങ്കം പറയുന്നു. 'ഇതു വലുതാക്കി ലോകത്തിന് മൊത്തം ഉതകുന്ന തരത്തിൽ കൊടുക്കാൻ കഴിയണം' ഒരിക്കൽകൂടി ഗുരുവിനെ മനസ്സിൽ ധ്യാനിച്ച് അവർ ആത്മസംതൃപ്തിയോടെ സ്വകർമ്മത്തിലേർപ്പെട്ടു, ഞങ്ങളും.


*ശാന്തിഗിരി ഭഗിനിനികേതൻ യൂണിറ്റ്*


*പൊന്നപ്പൻ വി - സത്യഭാമ എസ് ദമ്പതികൾ ശാന്തിപുരം യൂണിറ്റിൽ നിർമ്മിച്ച തടത്തരികത്തുവീടിന്റെ ഗൃഹപ്രവേശന കർമ്മം സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു*


*കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ സ്കൂൾതല വായനാമത്സര വിജയികൾ*

## ദിവംഗതനായി


*സനൽകുമാർ റ്റി.*

**പാതിരപ്പള്ളി :** ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം ഏരിയ കമ്മിറ്റി അഡീഷണൽ കൺവീനർ ആലപ്പുഴ ആര്യാട് കോമളപുരം വലിയകോവിലകത്ത് സനൽകുമാർ റ്റി. (60) ജൂലൈ 9ന് ദിവംഗതനായി. സംസ്കാരം നടന്നു. വീക്ഷണം പത്രം ആലപ്പുഴ ജില്ലാ സർക്കുലേഷൻ മാനേജർ ആയിരുന്നു.
ഭാര്യ : സിന്ധു പി.എസ്.
മക്കൾ : എസ്.ശ്രീറാം, എസ്. മനു.


*എൻ.രവീന്ദ്രൻ*

**ശാന്തിഗിരി ജംഗ്ഷൻ :** കുണ്ടറ മുളവന കാവയ്യത്ത് വീട്ടിൽ എൻ.രവീന്ദ്രൻ (79) ജൂലൈ 11ന് ദിവംഗതനായി.ശാന്തിഗിരി ജംഗ്ഷനിൽ വാടകയ്ക്ക് താമസിക്കുകയായിരുന്നു. സംസ്കാരം നടന്നു. ഭാര്യ ദിവംഗതയായ രാധാ ഭായി. കെ. മക്കൾ : സജി.ആർ, രേഖ കെ.ആർ (സീനിയർ അസിസ്റ്റന്റ് ലാ ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം) ദിവംഗതരായ ഡോ.മുരളി ആർ, പ്രദീപ് ആർ.

# ശാന്തിഗിരി വിദ്യാഭവനിൽ 'തുളസീവനം' പദ്ധതി




ശാന്തിഗിരി വിദ്യാഭവനിൽ തുളസീവനം പദ്ധതി ഡോ.ജി കിഷോർ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സമീപം

**എജ്യൂക്കേഷൻ സോൺ :** ഔഷധസസ്യങ്ങളിൽ മുഖ്യ ഇനമായ തുളസിയുടെ മഹത്വം, പ്രാധാന്യം എന്നിവയെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, പരിസ്ഥിതി സ്നേഹം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജൂലൈ 8ന് തുളസീവനം പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സതേൺ റീജ്യൺ ഡയറക്ടർ ജനറലും കാര്യവട്ടം ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ പ്രിൻസിപ്പാളുമായ ഡോ.ജി.കിഷോർ വിദ്യാർത്ഥികൾക്ക് തുളസിച്ചെടി നൽകി നിർവ്വഹിച്ചു. തുടർന്ന് കുട്ടികൾ സ്കൂൾ അങ്കണത്തിൽ തുളസിത്തൈകൾ നട്ടു. സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, വൈസ് പ്രിൻസിപ്പാൾ സ്മിജേഷ് എസ്.എം., ഡെപ്യൂട്ടി അഡ്വൈസർ എ.രാധമ്മ, അസിസ്റ്റന്റ് ജനറൽ കൺവീനർ പി.വിജയകുമാരി, അദ്ധ്യാപിക ബിന്ദു നന്ദന തുടങ്ങിയവർ നേതൃത്വം നൽകി.



ജന്മഗൃഹം അഞ്ചടി പാടത്ത് ജനനി അഭേദാ ജ്ഞാനതപസ്വിനിയുടെ നേതൃത്വത്തിൽ വിത്ത് വിതച്ചപ്പോൾ.

## 42 –ാം വിവാഹവാർഷികം



**രാജേന്ദ്രൻ ബി- കുസുമം രാജേന്ദ്രൻ**

പ്രിയഭവനം , സ്നേഹപുരം, കോലിയക്കോട്

ഫോൺ : 8281695470

– പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# 'ചിത്രസഞ്ചാരം' ദേശീയ ചിത്രപ്രദർശനം ശ്രദ്ധേയമായി



'ചിത്രസഞ്ചാരം' ചിത്രരചനാ മത്സരവിജയികൾ സംഘാടകരോടൊപ്പം

**തിരുവനന്തപുരം :** ഇന്ത്യയിലെ പ്രശസ്തരായ 36 ചിത്രകാരന്മാരുടെ നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന 'ചിത്രസഞ്ചാരം' ദേശീയ ചിത്രപ്രദർശനം ശ്രദ്ധേയമായി. ജൂലൈ 4ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ മഹനീയസാന്നിധ്യത്തിൽ ചിത്രസഞ്ചാരം ഉദ്ഘാടനം ചെയ്തു. ബിജയ് ബിശ്വാൽ, മിലിന്ദ് മുള്ളിക്ക്, ഗുൽഷൻ ആചാരി, സദു അലിയൂർ, രാജശേഖരൻ, പരമേശ്വരൻ, ഡാവിഞ്ചി സുരേഷ്, സുനിൽ പൂക്കോട് എന്നിവരുടെ ചിത്രങ്ങൾ പ്രദർശനത്തിന്റെ മാറ്റുകൂട്ടി. പ്രദർശനം ക്യുറേറ്റ് ചെയ്തത് ശാന്തിഗിരി വിദ്യാഭവനിലെ അദ്ധ്യാപകൻ ഷൈജു കെ.മാലൂർ ആണ്. പ്രദർശനത്തോടനുബന്ധിച്ച് നടത്തിയ ചിത്രരചനാ മത്സരത്തിൽ വിവിധ വിഭാഗങ്ങളായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ ഗുരുവന്ദന.എസ്, മഞ്ജലിക ആർ.എം., അഭിഷേക എ., ഗുരുശോഭ.പി എന്നിവർ ഒന്നാം സ്ഥാനവും അർജ ബി.ആർ., നിരഞ്ജന ബി.നായർ, ഗുരുകൽപന ഡി., കിരൺ.പി എന്നിവർ രണ്ടാം സ്ഥാനവും നേടി.



ശാന്തിഗിരി കർക്കിടകക്കഞ്ഞി വയനാട് ജില്ലാ വിതരണോത്ഘാടനം സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി സമീപം









Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala